**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - വണ്ടൂർ നിയോജകമണ്ഡലം - നാല് പ്രവൃത്തികൾ - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3003/17/തസ്വഭവ തിരുവനന്തപുരം, തീയതി : 03.09.2017

വായന: - 1) 11/06/2012-ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ ഉത്തരവ്

2) തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനീയറുടെ 07/06/2017-ലെ ഡി.ബി4-7453/17/സി.ഇ/തസ്വഭവ, ഡി.ബി4-7556/17/സി.ഇ/തസ്വഭവ നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വണ്ടൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എ.പി.അനിൽകുമാർ എം.എൽ.എ-യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും താഴെ പറയുന്ന നാല് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ആകെ അടങ്കൽ തുകയായ 1,25,00,000/-രൂപയുടെ (നൂറ്റി ഇരുപത്തി അഞ്ചു ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ രണ്ടാമതായി വായിച്ച കത്തു പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വണ്ടൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.എ.പി.അനിൽകുമാർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന നാല് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ 1,25,00,000/- രൂപയ്ക്ക് (നൂറ്റി ഇരുപത്തി അഞ്ചു ലക്ഷം രൂപ മാത്രം) വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകളും സ്കൂളിലെ നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും KER ചട്ടങ്ങൾ പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പ്രോജക്ട് ഐ.ഡി. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 1645 | ഗവ.എൽ.പി.സ്കൂൾ ചടങ്ങാംകുളം നടുവത്ത് ഓഡിറ്റോറിയം കം ക്ലാസ് റൂം നിർമ്മാണം-തിരുവാലി ഗ്രാമ പഞ്ചായത്ത് | 25 |
| 2 | 1640 | വണ്ടൂർ സർക്കാർ താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം | 50 |
| 3 | 1650 | മമ്പാട് ഗ്രാമ പഞ്ചായത്തിലെ മമ്പാട് ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം | 25 |
| 4 | 1644 | ജി എൽ പി സ്കൂൾ പള്ളിശ്ശേരി കെട്ടിട നിർമാണം | 25 |
| | | ആകെ | 125 |

3) ആയതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി - എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ.എ.പി.അനിൽകുമാർ എം.എൽ.എ (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തിരുവാലി ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, മമ്പാട് ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, കാളികാവ് ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അ.നം.626/ എൻ . സി . സി 1/2017- ധന തീ.20.06.2017 & 22.07.2017)
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ്(ഡി.ബി.2/39/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ